**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 475** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ജീവനക്കാരുടെ തടഞ്ഞുവച്ചിട്ടുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ലീവ് സറണ്ടർ, ഡി എ തുടങ്ങിയ ശമ്പളാനുകൂല്യങ്ങൾ തടഞ്ഞുവച്ചിട്ടുള്ളത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | 2020-21 സാമ്പത്തിക വർഷം കോവിഡ്-19ന്റെ വ്യാപനവുമായി ബന്ധപെട്ട് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായി 16.04.2020-ലെ സ.ഉ. (പി) നം. 42/2020/ധന നമ്പർ ഉത്തരവ് പ്രകാരം എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജ്ജിതാവധി വാർഷിക സറണ്ടർ ആനുകൂല്യം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേക്ക് മരവിപ്പിച്ചുകൊണ്ട് ഉത്തരവായി. 17.04.2020-ലെ സ.ഉ. (പി) നം. 43/2020/ധന പ്രകാരം സർവ്വകലാശാലകൾ, ഗ്രാന്റ് ഇൻ എയിഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, വെൽഫയർ ബോർഡുകൾ, അപ്പെക്സ് സൊസൈറ്റികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കും ടി ഉത്തരവ് ബാധകമാക്കി. 27.04.2020-ലെ സ.ഉ.(പി) നം. 49/ 2020/ ധന പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാർ എന്നിവരെ ടി ഉത്തരവിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി. 17.07.2020 -ലെ സ.ഉ. (പി) നം. 94/2020/ധന നമ്പർ ഉത്തരവ് പ്രകാരം ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം മരവിപ്പിച്ച നടപടി 15.09.2020 വരെ ദീർഘിപ്പിച്ചു.<br><br>മേൽ ഉത്തരവുകൾ പ്രകാരം മാറ്റിവച്ചിരുന്ന സറണ്ടർ ആനുകൂല്യം പി.എഫ്-ൽ ലയിപ്പിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ 2020 നവംബർ മുതൽ അനുവദിക്കാവുന്നതാണെന്നും ടി തുക 2020 ജൂൺ 1 മുതൽ പി.എഫ്.-ൽ നിന്ന് പിൻവലിക്കാവുന്നതാണെന്നും 05.11.2020-ലെ സ.ഉ. (പി) നം. 152/2020/ധന പ്രകാരം ഉത്തരവായി. |

| | | | |
|---|---|---|---|
| | | | 26.07.2021 ലെ സ.ഉ. (പി) നം . 104/2021/ ധന , 01.12.2021 ലെ സ.ഉ. (പി) നം . 160/2021/ധന എന്നിവ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ മരവിപ്പിച്ചിരുന്നു. ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരെ ടി സർക്കാർ ഉത്തരവുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള വ്യയനിയന്ത്രണ നടപ്പികളുടെ ഭാഗമായി 30/03/2022 ലെ സ.ഉ. (പി). നം .39/2022 /ധന , 13/06/2022 ലെ സ.ഉ. (പി) നം . 64/2022 /ധന , എന്നീ ഉത്തരവുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി വാർഷിക സറണ്ടർ 30/09/2022 വരെ മരവിപ്പിച്ചിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ മുൻസിപ്പൽ കണ്ടിൻജന്റ് ജീവനക്കാർ, പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർ എന്നിവരെയും 20/05/2022 ലെ സ.ഉ. (പി). നം. 53/2022 /ധന പ്രകാരം മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലെ ഓഫീസ് അറ്റൻഡന്റ്, കുക്ക് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവരെയും ടി സർക്കാർ ഉത്തരവുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.<br><br>സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 2020 ജൂലൈ മാസം വരെയുള്ള ഡിഎ അനുവദിച്ചിട്ടുണ്ട്. 01.01.2021 മുതലുള്ള ഡിഎ കണക്കാക്കിയിട്ടില്ല.<br><br>സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികളും , ആർജ്ജിത അവധി സറണ്ടർ പൂർണ്ണമായി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ എന്നുമുതലാണ് കുടിശ്ശിക വന്നിട്ടുള്ളത് എന്ന് അറിയിക്കാമോ; ജീവനക്കാർക്ക് എന്നുമുതൽ പ്രസ്തുത ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ നല്കിത്തുടങ്ങുമെന്ന് വ്യക്തമാക്കാമോ; | (ബി) | 2020-21 സാമ്പത്തിക വർഷം കോവിഡ്-19ന്റെ വ്യാപനവുമായി ബന്ധപെട്ട് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായി 16.04.2020-ലെ സ.ഉ. (പി) നം. 42/2020/ധന നമ്പർ ഉത്തരവ് പ്രകാരം എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജ്ജിതാവധി വാർഷിക സറണ്ടർ ആനുകൂല്യം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേക്ക് മരവിപ്പിച്ചുകൊണ്ട് ഉത്തരവായി. 17.04.2020-ലെ സ.ഉ. (പി) നം. 43/2020/ധന പ്രകാരം |

സർവ്വകലാശാലകൾ, ഗ്രാന്റ് ഇൻ എയിഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, വെൽഫയർ ബോർഡുകൾ, അപ്പെക്സ് സൊസൈറ്റികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കും ടി ഉത്തരവ് ബാധകമാക്കി. 27.04.2020-ലെ സ.ഉ.(പി) നം. 49/ 2020/ ധന പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാർ എന്നിവരെ ടി ഉത്തരവിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി. 17.07.2020 -ലെ സ.ഉ. (പി) നം. 94/2020/ധന നമ്പർ ഉത്തരവ് പ്രകാരം ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം മരവിപ്പിച്ച നടപടി 15.09.2020 വരെ ദീർഘിപ്പിച്ചു.

മേൽ ഉത്തരവുകൾ പ്രകാരം മാറ്റിവച്ചിരുന്ന സറണ്ടർ ആനുകൂല്യം പി.എഫ്-ൽ ലയിപ്പിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ 2020 നവംബർ മുതൽ അനുവദിക്കാവുന്നതാണെന്നും ടി തുക 2020 ജൂൺ 1 മുതൽ പി.എഫ്.-ൽ നിന്ന് പിൻവലിക്കാവുന്നതാണെന്നും 05.11.2020-ലെ സ.ഉ. (പി) നം. 152/2020/ധന പ്രകാരം ഉത്തരവായി.

26.07.2021 ലെ സ.ഉ. (പി) നം . 104/2021/ ധന , 01.12.2021 ലെ സ.ഉ. (പി) നം . 160/2021/ധന എന്നിവ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ മരവിപ്പിച്ചിരുന്നു. ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരെ ടി സർക്കാർ ഉത്തരവുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള വ്യയനിയന്ത്രണ നടപ്പികളുടെ ഭാഗമായി 30/03/2022 ലെ സ.ഉ. (പി). നം .39/2022 /ധന , 13/06/2022 ലെ സ.ഉ. (പി) നം . 64/2022 /ധന , എന്നീ ഉത്തരവുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി വാർഷിക സറണ്ടർ 30/09/2022 വരെ മരവിപ്പിച്ചിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ മുൻസിപ്പൽ കണ്ടിൻജന്റ് ജീവനക്കാർ, പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർ എന്നിവരെയും 20/05/2022 ലെ സ.ഉ. (പി). നം. 53/2022 /ധന പ്രകാരം മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലെ ഓഫീസ് അറ്റൻഡന്റ്, കുക്ക് എന്നീ തസ്തികകളിൽ ജോലി

| | | | |
|---|---|---|---|
| | | | ചെയ്യുന്നവരെയും ടി സർക്കാർ ഉത്തരവുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.<br><br>സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 2020 ജൂലൈ മാസം വരെയുള്ള ഡിഎ അനുവദിച്ചിട്ടുണ്ട്. 01.01.2021 മുതലുള്ള ഡിഎ കണക്കാക്കിയിട്ടില്ല.<br><br>സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികളും , ആർജ്ജിത അവധി സറണ്ടർ പൂർണ്ണമായി പുനഃസ്ഥാപിക്കുന്നതിനുളള നടപടികളും സ്വീകരിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ അഖിലേന്ത്യ സിവിൽ സർവീസ് ഉദ്യോഗസ്ഥർക്ക് മാത്രം യഥാസമയങ്ങളിൽ ഡി.എ. പോലുള്ള ആനുകൂല്യങ്ങൾ നൽകുകയും, സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ഒഴിവാക്കുന്നതായും പറയപ്പെടുന്ന നടപടി വിവേചനപരമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുന:പരിശോധിക്കുമോ; | (സി) | സംസ്ഥാനത്തെ അഖിലേന്ത്യ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാരിന്റെ ഉത്തരവ് ഇല്ലാതെ, കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിക്കുന്നത് അനുസരിച്ചാണ് ഡിഎ ലഭിച്ചുകൊണ്ടിരുന്നത് . ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അഖിലേന്ത്യ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരെ സർക്കാർ ഉത്തരവിന്റെ പരിധിയിൽ കൊണ്ട് വരുന്നതിന്റെ ഭാഗമായാണ് 26.04.2022 ലെ സ.ഉ. 47/2022/ധന നം ഉത്തരവ് പുറപെടുവിച്ചത്. |
| (ഡി) | സംസ്ഥാനത്തെ കോളേജ് അധ്യാപകർക്ക് അവസാനമായി ക്ഷാമബത്ത വർദ്ധിപ്പിച്ച് നൽകിയത് എന്നാണ്; ഇനി എത്ര ഗഡു കുടിശ്ശിക ഉണ്ട്; വിശദാംശങ്ങൾ നൽകാമോ; | (ഡി) | 08.02.2021 ലെ സ. ഉ. ( പി ) നം. 25/2021/ ധന ഉത്തരവ് പ്രകാരം സംസ്ഥാനത്തെ കോളേജ് അധ്യാപകർക്ക് 01.07.2019 വരെയുള്ള ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 01.01.2020, 01.07.2020 എന്നീ പ്രാബല്യത്തീയതികളിലുള്ള കേന്ദ്ര സർക്കാർ മരവിപ്പിച്ച ക്ഷാമബത്ത ഗഡുക്കൾ അനുവദിച്ചിട്ടില്ല. |
| (ഇ) | സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും 2021 ജനുവരി മുതൽ നൽകാനുള്ള ക്ഷാമബത്ത എന്ന് നൽകുമെന്ന് ഉറപ്പുപറയാമോ; | (ഇ) | സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം എന്നുമുതൽ പുനഃസ്ഥാപിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; ഇത് മുൻകാല പ്രാബല്യത്തോടെ കുടിശ്ശിക സഹിതം സറണ്ടർ ചെയ്യുന്നതിന് അനുവദിക്കുമോ; വിശദമാക്കാമോ? | (എഫ്) | വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ 30/09/2022 വരെ ചില വ്യവസ്ഥകൾക്ക് വിധേയമായി മരവിപ്പിച്ചിരിക്കുകയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ പൂർണ്ണമായി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ